C 31213

(Pages : 2)

Name..............................................

Reg. No..........................................

# THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Malayalam

## MAL 3B 04—നാടകം/തിരക്കഥ

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'മലയാള ശാകുന്തള'ത്തിന്റെ കർത്താവാര് ?

2 മലയാളത്തിലെ ഇബ്സൻ എന്നറിയപ്പെടുന്ന നാടകകൃത്താര് ?

3 മലയാളത്തിൽ പ്രഹസന ശാഖയ്ക്ക് തുടക്കം കുറിച്ചതാര് ?

4 സിനിമയുടെ ബ്ലൂപ്രിന്റായി കരുതുന്നത് എന്തിനെയാണ് ?

5 മലയാളത്തിലെ ആദ്യത്തെ തനതു നാടകമായി കരുതുന്ന കൃതിയേത് ?

6 കെ.പി.എ.സി.യുടെ ആസ്ഥാനം എവിടെയാണ് ?

7 'ഊരുഭംഗം' എന്ന നാടകം എഴുതിയതാര് ?

8 'മനുഷ്യനനുവദിച്ചിട്ടില്ലാത്ത അവമതി അങ്ങയെ പാതാളത്തോളം ചവുട്ടിത്താഴ്ത്തും'—ആരുടെ വാക്കുകളാണിത് ?

9 'ആന പിണ്ടിയിടുന്നതും കണ്ട് മൊയല് തൂറാനിരുന്നാൽ ആനപ്പിണ്ടീടടീക്കെടന്ന് ചതയാതിരിക്വോ ? —രാവുണ്ണി ആരോടാണിങ്ങനെ പറഞ്ഞത് ?

10 'ശലോമി' എന്ന റേഡിയോ നാടകം എഴുതിയതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 സ്ഥിതിയൊക്കെ തലതിരിഞ്ഞു. അവറ്റയും നമ്മളും തമ്മിൽ ചേരില്ല. ഒരു കാലത്തും ചേരില്ല—ആരുടെ വാക്കുകൾ ? സന്ദർഭം വിശദമാക്കുക.

12 'നാളെ അങ്ങ് ഈ പേരുകളെല്ലാം കേൾക്കേണ്ടി വരുമല്ലോ എന്നോർത്ത് ഞാൻ അങ്ങയോട് സഹതപിക്കുകയാണ്'—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

13 'ആ അമ്മയുടെ കണ്ണാടി എനിക്ക് കാണാനുള്ളതല്ല. അതിൽ നോക്കിയാൽ ഞാൻ പേടിച്ച് പോകും. ഉറക്കെ നിലവിളിച്ചു പോകും '—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

Turn over

14 'എടാ ഇതവന്റെ കുലത്തൊഴിലാ. രാജാവിന്റെ മോൻ രാജ്യം ഭരിക്കയല്ലാതെ വിമാനം പറപ്പിക്കാൻ പോവ്വോ ?'—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

15 'പക്ഷേ. വേരുകൾ കൊള്ളുത്തി വലിക്കും. സ്വന്തം മണ്ണിലേക്കുതന്നെ വലിക്കും. പോന്നേ പറ്റൂ'—ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

(5 × 2 = 10 marks)

III. 150 വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 'മരണത്തിൽ ശത്രുവും മിത്രമാകുന്നു. ഈ ഭജനക്കാരനെ ഞാൻ ബുദ്ധനാക്കുന്നു'—സന്ദർഭവും സാരസ്യവും എഴുതുക.

17 'ഉണ്ണിയുടെ ഉത്തമാംഗത്തിൽ ഒരു മത്തഭൃംഗം മൂളിപ്പറന്നാൽ ? അത് അപഖ്യാതിയായി വരുമോ ?' —ആരുടെ വാക്കുകൾ ? വിവക്ഷിക്കുന്നതെന്ത് ?

18 'ചിറകറ്റു പോയ പക്ഷിയുടെ അവസ്ഥ ആലോചിച്ച് നോക്ക്. എത്ര മോഹമുണ്ടായാലും പറക്കാനാവില്ല' —സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

19 കൂട്ടുകൃഷി എന്ന നാടകം നൽകുന്ന സന്ദേശം എന്താണ് ? വിശദമാക്കുക.

20 'നീ പറയുന്നതു കേട്ടാൽ കല്ലുകൾപോലും കത്തി ജ്വലിക്കും. നീ ഒരിക്കലും ഒന്നും പറയുകയില്ല. അല്ലേ ?' —ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

21 'നീ എന്റെ ഭാര്യയായിരിക്കുന്നിടത്തോളം കാലം ഞാൻ അറിയാത്ത ഒരു പേഴ്സണലും ഉണ്ടാവാൻ പാടില്ല' —ആരാണിങ്ങനെ പറഞ്ഞത് ? പറയാനിടയായതെങ്ങനെ ?

22 'ജീവിക്കാൻ മാത്രമല്ല, മരിക്കാനും ഒരു മൂല്യമുണ്ടാവണം'—സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

(5 × 5 = 25 marks)

IV. 300 വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 'സ്വപ്നവാസവദത്തം' എന്ന പേര് നാടകത്തിന് എത്രമാത്രം യോജിക്കുന്നു ? ഉപന്യസിക്കുക.

24 ഒരു ഭാവഗീതത്തിന്റെ സാന്ദ്രതയും പിരിമുറുക്കവും അനുഭവപ്പെടുത്തുന്ന തിരക്കഥയാണ് 'മഴ' —സമർത്ഥിക്കുക.

25 ദുരന്തനാടകത്തിന്റെ സവിശേഷതകൾ 'ഈഡിപ്പസ് രാജാവി'നെ ആസ്പദമാക്കി വിവരിക്കുക.

26 'കന്യക' പ്രശ്നനാടകമാണോ ? നിരൂപണം ചെയ്യുക.

27 'ദൈവത്താർ' എന്ന നാടകത്തിലെ തനത് ഘടകങ്ങളെക്കുറിച്ച് വിവരിക്കുക.

28 സാഹിത്യകൃതികൾ തിരക്കഥയാകുമ്പോൾ എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കും ? വിശകലനം ചെയ്യുക.

(4 × 10 = 40 marks)